# നിയമനിർമ്മാണകാര്യം

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

1) 2015-ലെ കേരള ധനകാര്യ ബിൽ
2) 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ ധനകാര്യ ബിൽ, 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ ധനകാര്യ ബിൽ, 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, 2008-ലെ

ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നിലം നികത്തൽ, തണ്ണീർത്തടം നികത്തൽ നിരോധന നിയമം ഏഴ് കൊല്ലം കഴിഞ്ഞ് 2015-ൽ അട്ടിമറിച്ചിരിക്കുകയാണ്. അതിന്റെ ഫലമായി ഇരുപതിനായിരത്തോളം ഏക്കർ നിലങ്ങൾ ഇതിനകം നികത്തിക്കഴിഞ്ഞിരിക്കുന്നു. അരി ആഹാരം കഴിക്കുന്ന നമുക്ക് വയൽ ഇല്ലാത്തതുമൂലം നമ്മുടെ സ്വന്തം പുഞ്ചനിലങ്ങളിൽനിന്നും പുഞ്ച അരി കിട്ടാതെ പുറംസംസ്ഥാനങ്ങളിൽനിന്ന് വാങ്ങേണ്ടിവരുന്നു. അതുമൂലം വമ്പിച്ച വിലവർദ്ധനവാണ് കേരളത്തിലെ സാധാരണ ജനങ്ങളായ ആളുകൾക്ക് ഉണ്ടാക്കിയിട്ടുള്ളത്. അത്തരം നടപടികളിൽക്കൂടി ഇരുപതിനായിരത്തിൽപ്പരം ഏക്കർ സ്ഥലം നികത്തുന്നതിലൂടെ 200 കോടി രൂപയാണ് ധനകാര്യ വകുപ്പുമന്ത്രി ജനങ്ങളുടെ വയറ്റത്തടിച്ചുകൊണ്ട് ജനങ്ങളെ പട്ടിണിക്കാരാക്കിയിട്ടുള്ള നിലപാട് എടുത്തിരിക്കുന്നത്. അത്തരം ദ്രോഹകരമായ നയത്തെ ഞങ്ങൾ ശക്തിയായി എതിർക്കുന്നു. അതുപോലെതന്നെ ബാർ കുംഭകോണം പോലുള്ള ഒട്ടേറെ കുംഭകോണങ്ങളുടെ ഉടമയാണല്ലോ ധനകാര്യ വകുപ്പുമന്ത്രി. അതുകൊണ്ട് ആ നയങ്ങളിലെല്ലാംതന്നെ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ ഇന്ന് വാക്കൗട്ട് ചെയ്യുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭ വിട്ട്

പുറത്തുപോയി.)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, നിലംനികത്തി പൈസ വസൂലാക്കുന്ന നിർദ്ദേശം ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റിലാണ് കൊണ്ടുവന്നത്. അതറിയാതെ പ്രതിപക്ഷം എന്താണ് പറയുന്നതെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. എന്തുമാകട്ടെ, അവർ നിഷേധാത്മകമായ നയമാണ് സ്വീകരിച്ചിരിക്കുന്നത്. ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന നികുതി നിർദ്ദേശങ്ങളാണ് ഈ ധനകാര്യ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബഡ്ജറ്റിന്റെ പൊതുചർച്ചയിലൊക്കെ അത് പരാമർശവിഷയമായി ഊന്നിക്കൊണ്ട് പ്രസംഗം നടത്തിയിട്ടുള്ളതാണെന്ന് എല്ലാവർക്കും അറിയാം. അതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ബഡ്ജറ്റ് നിർദ്ദേശങ്ങളാണ് ഇതിൽ വന്നിരിക്കുന്നത്. അതുകൊണ്ട് എല്ലാവർക്കും വളരെ ഹ്രസ്വമായി ഇതിൽ പ്രതികരിക്കാം. സമയലാഭത്തിനുവേണ്ടി ഞാൻ ചുരുക്കുന്നു. ഈ ബില്ലുകൾ സഭയുടെ പരിഗണനയ്ക്കായി അവതരിപ്പിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് : സർ, രണ്ടുമൂന്നു കാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പുന:പരിശോധന നടത്തണം. ഒന്ന്, അങ്ങ് ഇലക്ട്രിസിറ്റി കണക്ഷനുള്ള സ്റ്റാമ്പ് പേപ്പർ 100 രൂപ എന്നുള്ളത് 500 രൂപയാക്കി

മാറ്റിയിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണം വന്നതോടുകൂടി മഹാഭൂരിപക്ഷം ആളുകളും വൈദ്യുതി കണക്ഷൻ എടുത്തുകഴിഞ്ഞിരിക്കുന്നു. വളരെ കുറച്ച് പൈസമാത്രമെ അതിൽനിന്നും ശേഖരിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് പാവങ്ങളായ വൈദ്യുതി ഉപഭോക്താക്കൾക്ക് 500 രൂപയെന്നുള്ളത് വലിയൊരു തിരിച്ചടിയാണ്. ധാരാളം ജനസേവന കാര്യങ്ങൾക്ക് പണം നീക്കിവയ്ക്കുന്ന ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് വൈദ്യുതി ഉപഭോക്താക്കളോട് ഇത്തരത്തിലുള്ള ദ്രോഹം ചെയ്യാൻ പാടില്ല. രണ്ട്, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഖദർ ധാരികളാണ്. രണ്ടുമൂന്ന് മന്ത്രിമാരൊഴിച്ച് ബാക്കി എല്ലാവരും ഖദർ ധാരികളാണ്. നമ്മുടെ ദേശീയ പ്രസ്ഥാനത്തിനോടൊപ്പമുള്ളതാണ് ഖദർ. ഖാദിക്ക് നികുതി ഏർപ്പെടുത്തിയത് ഒരു വിധത്തിലും ന്യായീകരിക്കത്തക്കതല്ല. ഖാദിക്ക് ഏർപ്പെടുത്തിയ നികുതി പിൻവലിക്കണം.

മൂന്ന്, ഞാനും സിഗററ്റിനും ബീഡിക്കും എതിരാണ്. പക്ഷേ നമ്മുടെ രാജ്യത്ത് അവശേഷിക്കുന്ന പാവപ്പെട്ട ബീഡിത്തൊഴിലാളികളുടെയും പാവങ്ങളുടെയും വയറ്റത്തടിക്കരുത്. പുറംസംസ്ഥാനങ്ങളിൽ നിന്നുവരുന്ന ബീഡിക്ക് നികുതി പിരിച്ചോള്ളൂ. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ബീഡിയെ നികുതിയിൽനിന്ന് ഒഴിവാക്കണം. ഈ മൂന്നുകാര്യങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ് വൈദ്യുതി

കണക്ഷനുവേണ്ടിയുള്ള സ്റ്റാമ്പ് പേപ്പറിന് 100 രൂപ എന്നുള്ളത് 500 രൂപ ആക്കിയത്. അത് പഴയതുപോലെ 100 രൂപയാക്കി മാറ്റുകതന്നെ വേണം.

ശ്രീ. കെ. എം. മാണി: സർ, കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ബീഡിയെ നികുതിക്ക് വിധേയമാക്കിയാൽ മാത്രമേ കേരളത്തിന് പുറത്തുനിന്നുവരുന്ന ബീഡിയെ നികുതിക്ക് വിധേയമാക്കാൻ കഴിയൂ. ഇവിടെ നികുതിയില്ലെങ്കിൽ കേരളത്തിന് പുറത്തുനിന്നുംവരുന്ന ബീഡിക്ക് നികുതി ചുമത്താൻ കഴിയുകയില്ല. അങ്ങനെ നികുതി ചുമത്തിയില്ലെങ്കിൽ നമുക്ക് വലിയ വരുമാനനഷ്ടമുണ്ടാകും. ബീഡിക്ക് നികുതി ചുമത്തുകയാണെങ്കിൽ കേരളത്തിലുള്ള ബീഡിത്തൊഴിലാളികൾക്ക് സബ്സിഡി കൊടുക്കാം.

ശ്രീ. സി. പി. മുഹമ്മദ്: സർ, വൈദ്യുതിക്കും ഖാദിക്കുമുള്ള നികുതി ഒഴിവാക്കുകയും ബീഡിക്ക് സബ്സിഡി കൊടുക്കുകയും ചെയ്യണം.

ശ്രീ. കെ. എം. മാണി: സർ, കേരളത്തിലുള്ള ബീഡിത്തൊഴിലാളികൾക്ക് സബ്സിഡി കൊടുക്കാം. ഞാൻ വളരെ ഉദാരമനസ്കനായതുകൊണ്ട് എന്നോട് ഇങ്ങനെ ചോദിക്കുകയാണ്.

മി.സ്പീക്കർ: അംഗങ്ങൾ സംസാരിച്ചതിനുശേഷം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയിൽ ഇതൊക്കെ പറയാവുന്നതാണ്. ശ്രീ. പി. ബി.

അബ്ദുൾ റസാക്, അങ്ങേയ്ക്ക് 1 (എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

<u>ശ്രീ. പി. ബി. അബ്ദുൾ റസാക്:</u> സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി 30.09.2015-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ധനകാര്യ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ജനസേവനകരമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച് കേരളസമൂഹത്തിന്റെ സാമൂഹികവും സാമ്പത്തികവുമായുള്ള ഉയർച്ചയ്ക്കായി അനേകം ചരിത്രപ്രധാനമായ വികസന പദ്ധതികളും ക്ഷേമപ്രവർത്തനങ്ങളുമായി മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ യു.ഡി.എഫ്. സർക്കാർ നാല് വർഷം പൂർത്തിയാക്കി അഞ്ചാം വർഷത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ വികസനക്കുതിപ്പിന്റെ നാളുകളായാണ് ഈ ഭരണകാലത്തെ വിശേഷിപ്പിക്കുന്നത്. ഞാൻ കൂടുതലൊന്നും സംസാരിക്കാൻ ആഗ്രഹിക്കുന്നില്ല. ഒന്നുരണ്ട് കാര്യങ്ങൾ ഗവൺമെന്റിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും സ്വർണ്ണാഭരണത്തിന് ഒരു ശതമാനമാണ് വാറ്റ് നികുതി. എന്നാൽ നമ്മുടെ

സംസ്ഥാനത്തുമാത്രം അഞ്ച് ശതമാനമാണ് വാറ്റ് നികുതി. അഞ്ച് ശതമാനം VAT നികുതികൊടുത്ത് മുന്നോട്ടുപോയാൽ നമുക്ക് ധാരാളം നഷ്ടങ്ങളുണ്ടാകും. കാസർഗോഡ് ജില്ലയടക്കമുള്ള പ്രദേശങ്ങളിൽ, മറ്റു സംസ്ഥാനങ്ങളും പട്ടണങ്ങളും തൊട്ടടുത്തുകിടക്കുമ്പോൾ അവിടെയൊക്കെ ഒരു ശതമാനം VAT ആയതുകൊണ്ട് സ്വർണ്ണാഭരണമെടുക്കാൻ കുടുംബത്തോടൊപ്പം അങ്ങോട്ടുപോകുന്നവർ മറ്റ് സാധനങ്ങളും അവിടെ നിന്നും വാങ്ങുന്ന അവസ്ഥാവിശേഷമാണുള്ളത്. അതുകൊണ്ട് മറ്റിനങ്ങളിൽ നമ്മുടെ സംസ്ഥാനത്തിന് നഷ്ടമുണ്ടാകുന്നുണ്ട്. ആയതിനാൽ കേരളത്തിലെ സ്വർണ്ണാഭരണത്തിന് അഞ്ച് ശതമാനം VAT എന്നുള്ളത് ഒരു ശതമാനമാക്കി കുറയ്ക്കണം. ഗൾഫ് രാജ്യങ്ങളിൽ സ്വർണ്ണത്തിന് വിലക്കുറവായതിനാൽ അവിടെനിന്നും നാണയങ്ങളും ആഭരണങ്ങളും കൊണ്ടുവരുന്നതിനാൽ കേരളത്തിൽ വിൽപ്പന കുറവാണ്. അനധികൃത മാർഗ്ഗത്തിലൂടെയും സ്വർണ്ണം കേരളത്തിൽ എത്തുന്നുണ്ട്. അനുദിനം 800 മുതൽ 1200 കിലോ വരെ സ്വർണ്ണം വിൽപ്പന നടത്തുമ്പോൾ 15 ശതമാനത്തോളമാണ് അക്കൗണ്ടിൽ വരുന്നത്. ഇപ്പോൾ സ്വർണ്ണത്തിന് വില കുറഞ്ഞുകൊണ്ടിരിക്കുന്നു. 5 വർഷത്തിനിടയിൽ ഏറ്റവും കുറഞ്ഞ വിലയാണ് ഇന്നുള്ളത്. നികുതി വെട്ടിക്കാനും കട പരിശോധന ഒഴിവാക്കാനും സ്വർണ്ണ കച്ചവടക്കാർ കോമ്പൗണ്ടിംഗ് സമ്പ്രദായം

ദുരുപയോഗം ചെയ്യുകയാണ്. വിറ്റുവരവ് കാണിക്കാതെ നാമമാത്രം കോമ്പൗണ്ടിംഗ് നികുതി അടച്ച് രക്ഷപ്പെടുകയാണ്. കോമ്പൗണ്ടിംഗ് നിയമ പ്രകാരം കഴിഞ്ഞ വർഷം അടച്ച വാറ്റ് നികുതിയുടെ നിശ്ചിത ശതമാനത്തിൽ കൂടുതൽ അടുത്ത വർഷം അടയ്ക്കണം. ഇതുകാരണം ഉപഭോക്താക്കളിൽനിന്നും നികുതി പിരിച്ചെടുക്കുമ്പോൾ 50 ശതമാനം പോലും ലഭിക്കുന്നില്ല. കോമ്പൗണ്ടിംഗ് സിസ്റ്റം വിറ്റുവരവുമായി ലിങ്ക് ചെയ്യുന്നത് സത്യസന്ധരായ വ്യാപാരികളെ പ്രയാസത്തിലാക്കുന്നു. വിറ്റുവരവ് പരിശോധിക്കാൻ സർക്കാർ വകുപ്പിന്റെ ഓൺലൈൻ സംവിധാനവുമായി ബില്ലിംഗ് സിസ്റ്റം ലിങ്ക് ചെയ്യാൻ സംവിധാനമുണ്ടാക്കണമെന്നാണ് എനിക്ക് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

അതുപോലെ ബീഡിത്തൊഴിലാളികൾ കർണ്ണാടകത്തിൽനിന്ന് ബീഡിയില കൊണ്ടുവന്ന് ബീഡിയുണ്ടാക്കി തിരിച്ചുകൊണ്ടുപോകുമ്പോൾ ചെക്ക് പോസ്റ്റിൽ തടഞ്ഞുവച്ച് അതിന് നികുതി ആവശ്യപ്പെടുകയാണ്. എന്റെ മണ്ഡലത്തിലെ ധാരാളം ബീഡിത്തൊഴിലാളികൾ കർണ്ണാടകത്തിൽനിന്നും ബീഡി ഇലകൾ കൊണ്ടുവന്ന് ബീഡിയുണ്ടാക്കുന്നുണ്ട്. അവർ അവ തിരിച്ചുകൊണ്ടുപോകുമ്പോൾ പാക്കിംഗ് ആയി കൊണ്ടുപോകുകയാണെങ്കിൽ അതിന് പ്രയോജനമുണ്ട്, പക്ഷേ ഇത് ഉണങ്ങാത്ത ബീഡിയാണ്. ഉണങ്ങാത്ത ബീഡി കൊണ്ടുപോകുമ്പോൾ

അതിന് നികുതി ആവശ്യപ്പെടുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്നുകൂടി അറിയിക്കുകയാണ്. ഈ ബില്ലിനെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുകയാണ്.

Sri. P. C. Vishnunath: Sir, I move that:

" The Kerala Finance Bill, 2015 as reported by the Subject Committee be recommitted to the same Subject Committee."

ഇന്ന് സഭയിൽ ശ്രീ. വർക്കല കഹാർ സബ്മിഷനിലൂടെ ഉന്നയിക്കുകയും ശ്രീ. സി. പി. മുഹമ്മദ് ഇപ്പോൾ ആവർത്തിച്ച് പറയുകയും ചെയ്ത ഒരു കാര്യം, 2004-ലെ VAT നിയമപ്രകാരം വില്പനനികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഖാദി തുണിത്തരങ്ങൾ ഇപ്പോൾ വില്പനനികുതി ബാധകമായ ഉല്പന്നങ്ങളുടെ പട്ടികയിലേയ്ക്ക് വന്നിരിക്കുകയാണ്. ഇവിടെ പലരും പറഞ്ഞതിൽനിന്നും ഞാൻ മനസ്സിലാക്കുന്നത്, ഒരു ശതമാനം വില്പന നികുതി ഏർപ്പെടുത്തിയതുമൂലം ഇതിൽ നിന്ന് വലിയതോതിലുള്ള വരുമാനമൊന്നും ലഭിക്കുന്നില്ല എന്നാണ്. അഥവാ വലിയതോതിലുള്ള വരുമാനം ലഭിക്കുമെങ്കിൽപ്പോലും അത് നമ്മൾ ഉപേക്ഷിക്കേണ്ട ഒരു വരുമാനമാണ്. നമ്മൾ പിന്തുടരുന്ന പ്രത്യയശാസ്ത്രത്തിൽ ഖാദി ഒഴിച്ചുകൂടാൻ

പറ്റാത്ത ഒന്നാണ്. ഖാദി നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമാണ്. അതുകൊണ്ട് അതിൽനിന്ന് എത്ര വരുമാനം കിട്ടുമെങ്കിൽപ്പോലും അത് ഒഴിവാക്കേണ്ടതാണ്. ശ്രീ. വർക്കല കഹാർ രാവിലെ ഇത് സബ്മിഷനായി ഉന്നയിച്ചു. ശ്രീ. സി. പി. മുഹമ്മദ് ഈ ചർച്ച തുടങ്ങിയപ്പോൾ ഇത് വീണ്ടും അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവന്നു. ഇക്കാര്യത്തിൽ ചർച്ച നീട്ടിക്കൊണ്ടുപോകാതെ, ഇന്നുതന്നെ ഖാദിക്ക് ഏർപ്പെടുത്തിയിരിക്കുന്ന ഒരു ശതമാനം നികുതി പിൻവലിക്കുന്നതിന് തീരുമാനമുണ്ടാകണം.

ശ്രീ. സി. എഫ്. തോമസ്: സർ, നമ്മുടെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കൈത്തറിക്കുംകൂടി നികുതിയിളവ് നൽകേണ്ടതല്ലേ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അതെ. ഞാൻ സി. എഫ്. തോമസ് സാറിനെ പിന്തുണയ്ക്കുകയാണ്. ഖാദിക്കും കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കൈത്തറിക്കും നികുതിയിളവ് നൽകേണ്ടതാണ്. ബഹുമാനപ്പെട്ട കെ. എം. മാണിസാർ പറഞ്ഞതുപോലെ ഈ മേഖലയിൽ ചില ക്രമക്കേടുകൾ നടത്തുന്നുണ്ടെങ്കിൽ തീർച്ചയായും അത് കണ്ടുപിടിക്കുന്നതിനുള്ള കർശനമായ വ്യവസ്ഥകൾ വച്ചുകൊണ്ട് ഇക്കാര്യത്തിലൊരു തീരുമാനമെടുക്കണം. കേന്ദ്രസർക്കാർ ഖാദി കമ്മീഷനെ നിയോഗിച്ചിട്ടില്ല, ഒരു വർഷമായി ചെയർമാൻ പദവി ഒഴിഞ്ഞുകിടക്കുകയാണ്.

ഖാദിക്കുണ്ടായിരുന്ന കേന്ദ്ര റിബേറ്റ് ഒഴിവാക്കി. സംസ്ഥാന ഗവൺമെന്റിന്റെ റിബേറ്റ് മാത്രമാണ് ഇന്ന് ഖാദിക്കുള്ളത്. ഓണത്തിനും ക്രിസ്തുമസ്സിനും കിട്ടിക്കൊണ്ടിരുന്ന ഫെസ്റ്റിവൽ റിബേറ്റ് ഒഴിവായി. കേന്ദ്രസർക്കാരിന് ദേശീയപ്രസ്ഥാനത്തിന്റെ പ്രത്യയശാസ്ത്രത്തോടുള്ള വിരോധം അവർ ഖാദിയോടുള്ള ഈ സമീപനത്തിൽക്കൂടി സ്വീകരിക്കുമ്പോൾ.......

ശ്രീ. സി. പി. മുഹമ്മദ്: സർ, സംഘപരിവാറും കേന്ദ്ര ഗവൺമെന്റും ഖാദിക്ക് എതിരായി നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു സന്ദർഭമാണിത്. അങ്ങ് പറഞ്ഞതുപോലെ ഖാദി കമ്മീഷന്റെ ചെയർമാനെ നിശ്ചയിച്ചിട്ടില്ല. ഇത്തരമൊരു സാഹചര്യത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് ഖാദിക്ക് നികുതി ഏർപ്പെടുത്തുന്നത് ശരിയാണോ; എന്താണ് നിങ്ങളുടെ അഭിപ്രായം?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സംഘപരിവാർ ഖാദിയെ എതിർക്കുന്നത്, ഖാദി ഉല്പാദിപ്പിച്ച പ്രസ്ഥാനത്തോടും പ്രത്യയശാസ്ത്രത്തോടുമുള്ള വിരോധംകൊണ്ടാണ്, ഗാന്ധിയോടും നെഹ്റുവിനോടുമുള്ള വിരോധം കൊണ്ടാണ്. ഗാന്ധിയുടെ നെഞ്ചിലേക്ക് വെടിയുണ്ട പായിച്ചിട്ടും കലി തീരാതെ ഖാദിക്കുള്ള റിബേറ്റ് എടുത്തുകളഞ്ഞ് ആ വിരോധം അവർ ആവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ, ഖാദിക്ക് നികുതി ഏർപ്പെടുത്തുന്നതുകൊണ്ട് എത്രയധികം വരുമാനം ഉണ്ടായാലും

അത് വേണ്ടെന്നുവയ്ക്കാനുള്ള സമീപനം സംസ്ഥാന സർക്കാർ സ്വീകരിക്കണം.

സ്വർണ്ണക്കടകളുടെ കാര്യമെടുത്താൽ, പത്രങ്ങൾ നോക്കിയാൽ ഒരു ദിവസംതന്നെ 10 കടകൾവരെ ഉദ്ഘാടനം ചെയ്യുന്ന സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. സിനിമാനടി ഹെലികോപ്റ്ററിൽ വന്നിറങ്ങി സ്വർണ്ണക്കട ഉദ്ഘാടനം ചെയ്യുന്നു, ആറ്റിങ്ങൽ, തൊടുപുഴ, കോട്ടയം, കാസർഗോഡ് തുടങ്ങിയ സ്ഥലങ്ങളിൽ സ്വർണ്ണക്കടകൾ ഉദ്ഘാടനം ചെയ്യുന്നു.... സ്വർണ്ണക്കടകളുടെ എണ്ണം കൂടുന്നുണ്ടെങ്കിലും സ്വർണ്ണത്തിന്റെ വില്പന നികുതിയിൽനിന്നുള്ള വരുമാനം അതിന്റേതായ രൂപത്തിൽ സർക്കാരിന് കിട്ടുന്നുണ്ടോയെന്ന് പരിശോധിക്കണം. പലരൂപത്തിലുള്ള തട്ടിപ്പാണ്. സ്വർണ്ണം വാങ്ങാൻ ചെന്നുകഴിഞ്ഞാൽ അവർ 10,000/- രൂപ കുറച്ചുതരണോ അതോ ബില്ലുവേണോ എന്ന് ചോദിക്കും. 10,000/- രൂപ കുറച്ചുതന്നാൽ മതിയെന്ന് പറഞ്ഞാൽ പിന്നെ ബില്ല് തരില്ല. ഇങ്ങനെ ബില്ല കൊടുക്കാതെ സർക്കാരിന്റെ വരുമാനം തടയുന്നു. നിലവിലുള്ള നികുതി സമ്പ്രദായത്തിന്റെ ഘടനയിൽ വന്നിട്ടുള്ള ചില പ്രശ്നങ്ങളെ അവർ സമർത്ഥമായി ഉപയോഗിച്ചുകൊണ്ട് സംസ്ഥാനത്തിന് ലഭിക്കേണ്ട വരുമാനം തടയുന്നു. സ്വർണ്ണവ്യാപാരവും സ്വർണ്ണക്കടകളുടെ എണ്ണവും കൂടുകയും അതിൽനിന്നുള്ള വരുമാനം സംസ്ഥാനത്തിന് ലഭ്യമാകാതിരിക്കുകയും ചെയ്യുന്ന

സാഹചര്യമുണ്ടാകുന്നത് പരിശോധിച്ചുകൊണ്ട് സർക്കാരിന്റെ താല്പര്യങ്ങൾക്ക് അനുകൂലമാകുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തെ സംബന്ധിച്ചുള്ള amendment സ്വീകരിക്കുമ്പോൾ ഒരർത്ഥത്തിൽ അതും ദുരുപയോഗം ചെയ്യാവുന്ന സാധ്യതകളെ കർശനമായി നിരീക്ഷിക്കാനുള്ള സംവിധാനവും...............

ശ്രീ. വി. റ്റി. ബൽറാം: സർ, 2008 വരെ പരിവർത്തനം നടത്തിയിട്ടുള്ളത് സാധൂകരിക്കുന്നതിന് മുമ്പായി ഇതിന്റെ ഡാറ്റാ ബാങ്ക് കൃത്യമായി പ്രസിദ്ധീകരിക്കുകയും അതിന്റെ ഉപഗ്രഹചിത്രം വച്ചുകൊണ്ട്, 2008-ന് മുൻപ് ളുർക്കപ്പെട്ടത് ഏതാണ്; അതിനുശേഷമുള്ളത് ഏതാണ്; എന്നുള്ള കാര്യത്തിൽ കൃത്യത വരുത്താനുള്ള ഒരു ക്രമീകരണം നടത്തേണ്ടതായി താങ്കൾക്ക് തോന്നുന്നില്ലേ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, താങ്കൾ പറഞ്ഞത് വളരെ കൃത്യമായ കാര്യമാണ്. ഈ നിയമം ദുരുപയോഗം ചെയ്യുന്നത് തടയാൻ ഡാറ്റാ ബാങ്ക് പൂർണ്ണമായും പ്രസിദ്ധീകരിക്കണം. രണ്ടാമത്, ഭൂമിയില്ലാത്തവർക്ക് വീട് വയ്ക്കാനോ മറ്റ് ആവശ്യങ്ങൾക്കോവേണ്ടി കൊടുക്കുന്ന ഈ ഇളവുകൾ മാഫിയ സംഘങ്ങൾ

ദുരുപയോഗം ചെയ്യാതിരിക്കാനുള്ള ഒരു ജാഗ്രതയുണ്ടാകണം. പ്രതിപക്ഷ നേതാവ് ഇന്ന് പ്രസംഗിച്ചതുകേട്ടപ്പോൾ എനിക്ക് അത്ഭുതം തോന്നി. കാരണം, ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റിലാണ് ആദ്യമായി ഈ ആശയംതന്നെ കൊണ്ടുവരുന്നത്. ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റ് പുസ്തകം എന്റെ കൈയ്യിലുണ്ട്.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഇപ്പോഴത്തെ പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയായിരുന്ന കാലത്താണ് ഈ ബില്ല് കൊണ്ടുവന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുതന്നെ ഏക്കർ കണക്കിന് നെൽവയൽ നികത്തുന്ന ചടങ്ങിൽ, 'ചേറിൽനിന്ന് താമര ഉയരുന്നു' എന്ന് പ്രസംഗിച്ചത് അങ്ങ് കേട്ടിട്ടുണ്ടോ? നെൽവയൽ ഇനിയും നികത്താതിരിക്കാനുള്ള സംവിധാനം ഉണ്ടാകണം, നിയമം ദുരുപയോഗം ചെയ്യുന്നത് ഒഴിവാക്കണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അങ്ങ് പറഞ്ഞത് വളരെ കറക്ടാണ്. അതൊന്നും ഞാൻ ആവർത്തിക്കുന്നില്ല. ഒരു വലിയ കൺവെൻഷൻ സെന്റർ ഉദ്ഘാടനം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്, 'ഇത് ചേറിൽ വിരിഞ്ഞ ചെന്താമര'യാണ് എന്നാണ്. നിലം നികത്തി പണിതതായതുകൊണ്ടാണ് അദ്ദേഹം അങ്ങനെ പറഞ്ഞത്. അതുപോലെതന്നെ

അദ്ദേഹം എറണാകുളത്ത് പോയി, പരിസ്ഥിതിയുടെ പേരിൽ വികസനം തടസ്സപ്പെടുത്തരുതെന്ന് പറഞ്ഞ ഒരു വ്യവസായിയുടെ മകനെ സെനറ്റ് മെമ്പറാക്കുന്ന യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിച്ചു. എന്നെ ഇനിയും ചീത്ത വിളിക്കാനുള്ള അവസരമാണ് ഞാൻ ഉണ്ടാക്കുന്നതെന്ന് അറിയാം, എന്നാലും ഈ കാപട്യവും ഹിപ്പോക്രസിയും കാണുമ്പോൾ പറയാതെ പോകുന്നത് ശരിയല്ലാത്തതുകൊണ്ടാണ്. ആലപ്പുഴയിൽ നടന്ന ഏറ്റവും വലിയ പരിസ്ഥിതി സമരം കരിമണൽ സമരമാണ്. കരിമണൽ ഖനനത്തിനെതിരെ ആലപ്പുഴ ജില്ലയിൽ നടത്തിയ സമരത്തിൽ പങ്കെടുക്കാത്ത ഏക രാഷ്ട്രീയ നേതാവ് സഖാവ് വി. എസ്. അച്ചുതാനന്ദൻ മാത്രമാണ്. ശ്രീ. എം. എ. ബേബിക്ക് അന്ന് ജില്ലാ സെക്രട്ടറിയുടെ ചുമതലയുണ്ടായിരുന്നു. അദ്ദേഹമടക്കമുള്ള എല്ലാ രാഷ്ട്രീയ നേതാക്കളും പങ്കെടുത്ത കരിമണൽ സമരത്തിൽ പങ്കെടുത്തില്ലായെന്നുമാത്രമല്ല ആ കരിമണൽ വ്യവസായിക്ക് പത്മശ്രീ കൊടുക്കാൻ അദ്ദേഹം മുഖ്യമന്ത്രിയായിരുന്നപ്പോൾ കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന് ശിപാർശ ചെയ്തിട്ടുമുണ്ട് എന്നുള്ള കാര്യംകൂടി ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ആ കാപട്യവും ഇരട്ടത്താപ്പുമൊക്കെ എല്ലാ കാലത്തും എല്ലാവർക്കും അറിവുള്ളതാണ്. അദ്ദേഹം അതിനൊക്കെ ഉപരിയായി ഇങ്ങനെ

നില്ക്കുകയാണ്. ഡോ. ടി. എം. തോമസ് ഐസക്കിന്റെ രണ്ട് ബഡ്ജറ്റിലും ഇതേ നിർദ്ദേശം കൊണ്ടുവന്നപ്പോൾ മുഖ്യമന്ത്രിയായിരുന്ന അദ്ദേഹംതന്നെ ഇതിനെതിരെ പ്രസംഗിച്ച് ഇറങ്ങിപ്പോക്ക് നടത്തുന്നത് ഞാൻ നേരത്തെ പറഞ്ഞ കാപട്യത്തിന്റെ ഗണത്തിൽ ഉൾപ്പെടുത്താവുന്നതാണെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുകയാണ്.

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

Sri. T. N. Prathapan: Sir, I move that:

" The Kerala Finance (No.2) Bill, 2015 as reported by the Subject Committee be circulated for obtaining public opinion."

ഈ ബില്ലിനെ സംബന്ധിച്ച് പറയുമ്പോൾ, കൂടുതൽ പണം ഉണ്ടാക്കാൻവേണ്ടി നടത്തുന്ന ശ്രമങ്ങളിൽ ചില കാര്യങ്ങളിലുള്ള ആശങ്ക പങ്കുവയ്ക്കാതിരിക്കാൻ നിവൃത്തിയില്ല. നേരത്തെ ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് ഉൾപ്പെടെയുള്ള ആളുകൾ പറഞ്ഞ കാര്യം ഞാൻ ഒന്നുകൂടി ആവർത്തിക്കുന്നു. അതിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യം, 2008-ൽ കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയതാണ് നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം. ഈ നിയമം പാസ്സാക്കുന്നതിനുമുൻപ് പരിവർത്തനം വരുത്തിയ ഭൂമികൾ പണം ഈടാക്കി

റെഗുലറൈസ് ചെയ്യാൻവേണ്ടിയുള്ള ശിപാർശ ഈ ബില്ലിലുണ്ട്. 200 കോടി രൂപയാണ് അതിൽനിന്നും ധനകാര്യ വകുപ്പ് പ്രതീക്ഷിക്കുന്നത്. നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന സന്ദർഭത്തിൽ അദ്ദേഹത്തിന്റെ രണ്ട് ബഡ്ജറ്റുകളിലും ഈ നിർദ്ദേശങ്ങളുണ്ടായിരുന്നു എന്നുള്ളത് ശരിയാണ്. ആ ജാള്യത കൊണ്ടായിരിക്കാം പ്രതിപക്ഷ നേതാവ് ഇന്ന് ഈ സഭയിൽ ആ കാര്യം ചൂണ്ടിക്കാണിച്ച് ഇറങ്ങിപ്പോയത്. അതല്ലാതെ ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ നേരത്തെ പറഞ്ഞ കാര്യങ്ങളല്ല ഇന്ന് പറഞ്ഞത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച രണ്ട് ബഡ്ജറ്റുകളിലും ഇതേ നിർദ്ദേശങ്ങൾവച്ച് പൊതു ഖജനാവിലേയ്ക്ക് പണം കൊണ്ടുവരാൻ ശ്രമം നടത്തിയിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും ധനകാര്യ ബില്ലിൽ ഈ ശിപാർശ ഉൾപ്പെടുത്തി പാസ്സാക്കിക്കഴിയുമ്പോൾ ഇത് ദുർവിനിയോഗം ചെയ്യാനുള്ള സാധ്യത വളരെ ഗൗരവമായി കാണേണ്ടതുണ്ട്. ഇതുസംബന്ധിച്ച് യു.ഡി.എഫ്.-ഉം കോൺഗ്രസ്സുമൊക്കെ പലതട്ടുകളിലായി ചർച്ച ചെയ്തിട്ടുള്ളതാണ്. 2008-ന് മുമ്പ് പരിവർത്തനം നടത്തിയ ഭൂമി നെൽവയലായാലും തണ്ണീർത്തടമായാലും അതിനെ സംബന്ധിച്ച് കൃത്യമായ ഒരു ഡാറ്റാ ബാങ്ക് ഉണ്ടാക്കാനാണ് നേരത്തെ

തീരുമാനിച്ചത്. അത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തീരുമാനിച്ചതാണ്. ഞാൻ മനസ്സിലാക്കുന്നത്, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണി സാർ കഴിഞ്ഞ പ്രാവശ്യത്തെ ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറഞ്ഞപ്പോൾ, ഡാറ്റാ ബാങ്ക് ഉണ്ടാക്കാൻവേണ്ടി 8 കോടി രൂപ അനുവദിച്ചു എന്നാണ്. 2008-ന് മുമ്പ് പരിവർത്തനം നടത്തിയത് കണ്ടുപിടിക്കാൻ ഇപ്പോൾ നമുക്ക് പ്രയാസമില്ല, ഐ.എസ്.ആർ.ഒ.യുടെ സാറ്റലൈറ്റ് പിക്ചേഴ്സ് ഉണ്ട്. എന്നാൽ 2008-ന് മുൻപ് തീർത്തതാണെന്ന് അവകാശപ്പെട്ടുകൊണ്ട് ഒരാൾ വില്ലേജ് ഓഫീസറുടെ അടുത്തുപോയി ഒരു സർട്ടിഫിക്കറ്റും വാങ്ങി കളക്ടറുടെ അടുത്തുപോയാൽ അത് അംഗീകരിച്ചുകൊടുക്കും. ഇങ്ങനെ ഏറ്റവും കൂടുതൽ ദുർവിനിയോഗം ചെയ്തുകൊണ്ടിരിക്കുന്നതാണ് നിലവിലുള്ള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം. കേരളത്തിലെ നെൽവയലുകളുടെ വിസ്തൃതി ഓരോവർഷം കഴിയുന്തോറും കുറഞ്ഞുവരികയാണ്. ഭക്ഷ്യസ്വയംപര്യാപ്തതയ്ക്കുവേണ്ടി ശ്രമിക്കുന്ന സംസ്ഥാനമാണ് കേരളം. അരിയായാലും പച്ചക്കറിയായാലും അന്യസംസ്ഥാനങ്ങളെ ആശ്രയിച്ച് കഴിയുന്ന കേരളത്തിന്റെ ഏറ്റവും വലിയ അസറ്റ് എന്നുപറയുന്നത് ഭൂമിയാണ്. കേരളത്തിലേയ്ക്ക് ആകർഷിക്കപ്പെടുന്ന ചില റിയൽ എസ്റ്റേറ്റുകാർ ഭൂമി വാങ്ങി വില്ക്കുന്നതിലൂടെ കോടിക്കണക്കിന് രൂപയാണുണ്ടാക്കുന്നത്. മലയാളികൾ

മാത്രമല്ല ഡി.എൽ.എഫ്.-നെപ്പോലെയുള്ള നിരവധി വൻകിട കമ്പനികളും അന്താരാഷ്ട്ര കോർപ്പറേറ്റ് സ്ഥാപനങ്ങളുമടക്കമുള്ളവർ കേരളത്തിലെ ഭൂമിയെ കണ്ണുവച്ച് വരുന്നവരാണെന്നുള്ള കാര്യം നമുക്കെല്ലാമറിയാം. അതുകൊണ്ടുതന്നെ, ബില്ലിൽ കൊണ്ടുവന്നിരിക്കുന്ന ഈ നിർദ്ദേശം ദുർവിനിയോഗം ചെയ്യാനിടയുള്ളതായതിനാൽ യാതൊരു കാരണവശാലും അനുവദിക്കാൻ പാടില്ല. 2008-ലെ ആക്ട് നിലവിൽ വരുന്നതിനുമുമ്പ് പരിവർത്തനപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങൾ ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത് തരംമാറ്റം ചെയ്യാൻ വ്യവസ്ഥ ചെയ്യുന്നത് വേണമെങ്കിൽ നമുക്ക് മനസ്സിലാക്കാം. എന്നാൽ ഈ വ്യവസ്ഥ ദുരുപയോഗപ്പെടുത്താൻ സാധ്യതയുള്ളതിനാൽ 2008-ന് മുമ്പുള്ള ഭൂമിയുടെ കൃത്യമായ അവസ്ഥ പരിശോധിക്കാൻ ഐ.എസ്.ആർ.ഒ.-യുടെ പക്കൽനിന്നും ഭൂമിയുടെ ഘടന സംബന്ധിച്ച വിവരങ്ങൾ സർക്കാർ നിർബന്ധമായും ശേഖരിക്കണം. ഡാറ്റ ബാങ്ക് തയ്യാറാക്കാതെ ഇത് നടപ്പിലാക്കാൻവേണ്ടി ശ്രമിച്ചാൽ 2008-നുശേഷം നികത്തിയ സ്ഥലങ്ങൾ പലതും സാധൂകരിക്കപ്പെടും. പലരും നെൽവയലുകൾ നികത്തി അവിടെ കോൺക്രീറ്റ് കെട്ടിടങ്ങളുണ്ടാക്കി മറിച്ചുവിൽക്കുന്ന നിലപാട് തുടർന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോഴും കാലഭേദമില്ലാതെ നെൽവയലുകൾ നികത്തിക്കൊണ്ടിരിക്കുകയാണ്. അവർക്കെല്ലാവർക്കും ഈ പഴുത് ഉപയോഗിക്കാൻ

ഇടയുണ്ടാകും. ഇത് കുറ്റമറ്റ രീതിയിലാക്കണമെങ്കിൽ സത്യത്തിൽ സാറ്റലൈറ്റ് മാപ്പ്/ഡാറ്റാ ബാങ്ക് തന്നെയാണ് വേണ്ടത്. ഡാറ്റാ ബാങ്ക് പൂർത്തിയാക്കാതെയോ സാറ്റലൈറ്റ് മാപ്പുവഴിയോ ഇത് പരിശോധിക്കാതെ യാതൊരു കാരണവശാലും റെഗുലറൈസ് ചെയ്തുകൊടുക്കാൻ പാടില്ല. അങ്ങനെ ചെയ്താൽ വലിയ അപകടമാണ് എന്നുള്ള കാര്യം ഈ സന്ദർഭത്തിൽ പ്രത്യേകം പറയാൻ ആഗ്രഹിക്കുകയാണ്. ഇതൊടൊപ്പംതന്നെ, 2008-ന് ശേഷം നികത്തിട്ടുള്ള സ്ഥലങ്ങൾ നിർബന്ധമായും സർക്കാർ ഏറ്റെടുക്കണം. റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ നമ്മുടെ സംസ്ഥാനത്ത് ഭൂമിയില്ലാത്തവർക്ക് ഭൂമി കൊടുക്കാൻവേണ്ടിയുള്ള ശ്രമം നടക്കുകയാണ്. 2008-നുശേഷം നികത്ത സ്ഥലങ്ങൾ വില്ലേജ് ഓഫീസർമാരെയും കളക്ടറേറ്റിലെ ഉദ്യോഗസ്ഥരെയും രാഷ്ട്രീയക്കാരെയുമെല്ലാം സ്വാധീനിച്ച് റെഗുലറൈസ് ചെയ്യാൻ ആളുകൾ ശ്രമിക്കും. വലിയ തട്ടിപ്പും അഴിമതിയും സ്വജനപക്ഷപാതവും നടക്കാനിടയുള്ള അപകടകരമായ സാഹചര്യമുണ്ടാകും. അതുകൊണ്ട് 2008-നുശേഷം പരിവർത്തനം വരുത്തിയ ഭൂമി നിർബന്ധമായും റവന്യൂ വകുപ്പും സർക്കാരും ഏറ്റെടുത്ത് ഭൂരഹിതർക്ക് കൊടുക്കാൻ തയ്യാറാവണം. ഈ നിയമം നടപ്പിലാക്കുമ്പോൾ നിലവിലുള്ള ബില്ലിൽ മാറ്റം വരാതെ എങ്ങനെ ഇംപ്ലിമെന്റ് ചെയ്യാൻ സാധിക്കും? ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും ഇതിന് മറുപടി

പറയണം. നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്താതെ എങ്ങനെയാണ് ധനകാര്യ ബില്ലിലൂടെ ഇത് നടപ്പിലാക്കുന്നത്? നിയമസഭ പാസ്സാക്കിയ ഒരു നിയമം നിലനിൽക്കുമ്പോൾ എങ്ങനെയാണ് ധനകാര്യ ബില്ലിലൂടെ കൊണ്ടുവന്ന് ഇത് റെഗുലറൈസ് ചെയ്യുന്നത്? ഇത് വലിയ നിയമക്കുരുക്കിലേയ്ക്ക് പോകും. സ്വാഭാവികമായും ഹൈക്കോടതിയിലും സുപ്രീം കോടതിയിലും കേസ് വരും. ഇക്കാര്യത്തിൽ വലിയ അപകടം നമ്മുടെ മുന്നിലുണ്ട്. അത് സംസ്ഥാന ഗവൺമെന്റ് കാണാതെ പോകരുതെന്ന് അഭ്യർത്ഥിക്കുകയാണ്.

ഖാദി ഇന്ത്യൻ ദേശീയതയുടെ അടയാളമാണ്. നമ്മുടെ രാഷ്ട്രപിതാവ് കൈകൊണ്ട് നൂറ്റുണ്ടാക്കിയ ഖാദി, ബ്രിട്ടീഷുകാർക്കെതിരെ സമരം ചെയ്യാൻ നമ്മെ പ്രേരിപ്പിച്ച ഏറ്റവും വലിയ സമരായുധമാണ്. നേരത്തെ ഇവിടെ ശ്രീ. സി. പി. മുഹമ്മദും ശ്രീ. പി. സി. വിഷ്ണുനാഥും ചൂണ്ടിക്കാണിച്ചതുപോലെ ഇന്ത്യ ഭരിക്കുന്ന ബി.ജെ.പി.-യുടെ സംഘ് പരിവാർ ശക്തികൾ ഖാദിയെ തള്ളിപ്പറയുകയാണ്. മാത്രമല്ല, മഹാത്മാഗാന്ധിയുടെ ഘാതകനായ നാഥുറാം വിനായക് ഗോഡ്സേയെ ദൈവമാക്കി പ്രഖ്യാപിക്കുകയും ആരാധനാലയം പണിയുകയും ചെയ്യുകയാണ്. ബഹുമാനപ്പെട്ട മാണി സാർ ഖാദിയാണ് ധരിക്കുന്നതെന്നാണ് എന്റെ വിശ്വാസം. അദ്ദേഹം കേരള കോൺഗ്രസ് ആണെങ്കിലും അദ്ദേഹത്തിന്റെ രക്തം

കോൺഗ്രസിന്റേതാണെന്നതന്നെയാണ് ഞങ്ങളുടെയെല്ലാം വിശ്വാസം. മഹാത്മാഗാന്ധിയുടെ പ്രത്യയശാസ്ത്രത്തെ മുറുകെപ്പിടിച്ചുകൊണ്ടുള്ളതാണ് മാണി സാറിന്റെ അദ്ധ്വാനവർഗ്ഗ സിദ്ധാന്തമെന്ന കർഷക സിദ്ധാന്തവും. അങ്ങ് ഖാദിക്ക് നികുതി ഏർപ്പെടുത്തിയാൽ ഗാന്ധിനിന്ദ കാണിക്കുന്ന ആളാണ് അങ്ങെന്ന് വ്യാഖ്യാനിക്കാനിടയുണ്ടാകും. അതിനിടവരുത്തരുത്. അതുകൊണ്ട് ഖാദിക്ക് ഏർപ്പെടുത്താൻ തീരുമാനിച്ച നികുതി നിർബന്ധമായും ഒഴിവാക്കണം.

വൈദ്യുതിയുടെ കാര്യത്തിൽ കേരളത്തിൽ അത്ഭുതം നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിന്റെ നേതൃത്വത്തിൽ കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ്. ഈ ഗവൺമെന്റിന്റെ അഞ്ച് വർഷം പൂർത്തിയാകുന്നതിനുമുമ്പ് ഗ്രാമ-നഗര വ്യത്യാസമില്ലാതെ എല്ലാവർക്കും വൈദ്യുതി ലഭിക്കാൻ പോകുന്നു. ദരിദ്രരായ രണ്ടായിരത്തോളം പേർക്കുമാത്രമാണ് ഇനി വൈദ്യുതി ലഭിക്കാനുള്ളത്. ബാക്കിയുള്ളവർക്കെല്ലാം വൈദ്യുതി ലഭിച്ചിട്ടുണ്ട്. ഈ രണ്ടായിരം പേർക്കുവേണ്ടിയാണോ 100 രൂപ വിലയുള്ള മുദ്രപ്പത്രത്തിന് 500 രൂപയായി ഉയർത്തുന്നത്? 500 രൂപയായി വർദ്ധിപ്പിക്കുമ്പോൾ ഇത്രയും ആളുകളിൽനിന്ന് മാണി സാറിന് ലഭിക്കാൻ പോകുന്നത് വളരെ തുച്ഛമായ

തുകയാണ്. ധനകാര്യ വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥർ മാണി സാറിനെ തെറ്റിദ്ധരിപ്പിച്ചിട്ടുണ്ടെങ്കിൽ അത് തിരുത്തണം. അതുകൊണ്ട് പാവപ്പെട്ട ഈ ആളുകളിൽനിന്നും 500 രൂപവീതം വാങ്ങി ഈ ഗവൺമെന്റിന് ക്ഷീണമുണ്ടാക്കരുത്. ബഹുമാനപ്പെട്ട മാണി സാർ കർഷകരുടെ ആളല്ലേ? അങ്ങ് മറുപടി പറയുമ്പോൾ ഇപ്പോഴുള്ള 100 രൂപതന്നെ ഒഴിവാക്കുമെന്ന് വിശ്വസിക്കുകയാണ്.

ഭൂമിക്ക് വൻനികുതി ഏർപ്പെടുത്തിയിരിക്കുന്നതിൽ ജനങ്ങൾക്കും കൃഷിക്കാർക്കും വലിയ അമർഷമുണ്ട്. ഏത് പൊളിറ്റിക്കൽ ഫോറത്തിലും വലിയ വിമർശന വിധേയമാകുന്നതാണ് ഭൂമിക്ക് ഏർപ്പെടുത്തുന്ന നികുതി. ഭൂമിക്ക് കൂടുതൽ നികുതി ഏർപ്പെടുത്തുന്നത് എന്തിനാണ്? ഈ സന്ദർഭം മാണി സാറിന് പൂർണ്ണമായും ബോധ്യമുണ്ടാകും. അതുകൊണ്ട് ഭൂമിക്ക് അധിക നികുതി ഏർപ്പെടുത്തുന്നതുകൂടി നിർബന്ധമായും ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, ആ 100 രൂപ പിരിച്ചാൽ മാണി സാറിന് എന്താണ് ലഭിക്കാൻ പോകുന്നത്? 100 രൂപ ഒഴിവാക്കിക്കൊടുത്താൽ മാണി സാർ ചരിത്രത്തിൽ ഇടംനേടും.

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: സർ, ബഹുമാനപ്പെട്ട കെ. എം. മാണി

ചരിത്രത്തിൽ ഇടംനേടാൻ സാധ്യതയുണ്ട്. ഖാദിയുടെ നികുതി ഇപ്പോൾ മറുപടി പറയുമ്പോൾ അദ്ദേഹം പിൻവലിക്കും. വൈദ്യുതിക്കുവേണ്ടിയുള്ള മുദ്രപ്പത്രത്തിന്റെ വില 100 രൂപയെന്നുള്ളത് 500 രൂപയാക്കിയെങ്കിലും ഇത് രണ്ടും ഒഴിവാക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

സ്വർണ്ണത്തിന്റെ വാറ്റ് നികുതി യാതൊരു കാരണവശാലും കുറയ്ക്കരുത്. നേരത്തെ ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞതുപോലെ, സിനിമാ താരങ്ങൾ വിമാനത്തിൽ വന്ന് ജ്വല്ലറികൾ ഉദ്ഘാടനം ചെയ്യുന്നു. ലാഭമില്ലാതെ ആരെങ്കിലും അങ്ങനെ ചെയ്യുമോ? കോടിക്കണക്കിന് രൂപ ചലച്ചിത്രതാരങ്ങൾക്ക് പ്രതിഫലം നൽകി പരസ്യങ്ങൾ ചെയ്താണ് വൻകിട വ്യാപാരികൾ സ്വർണ്ണവ്യാപാരം നടത്തുന്നത്. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ചെറിയ സ്വർണ്ണക്കച്ചവടക്കാരില്ല. സ്വർണ്ണവ്യാപാരികൾ വലിയ കോർപ്പറേറ്റുകളായി മാറി. അതുകൊണ്ട് യാതൊരു കാരണവശാലും സ്വർണ്ണ വ്യാപാരികൾക്ക് ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന വാറ്റ് നികുതി ഒരു ശതമാനംപോലും കുറയ്ക്കാൻ പാടില്ല. അത് കുറച്ചാൽ ആളുകൾ കെ. എം. മാണി സാറിനെ ആവശ്യമില്ലാതെ ഇനിയും ദുർവ്യാഖ്യാനം ചെയ്യും. പ്രതിപക്ഷത്തിന് ഒരു വടി കൊടുക്കരുത്. മാണി സാർ ഈ നല്ല യൗവ്വനകാലത്ത് ആവശ്യമില്ലാതെ പഴികേൾക്കാൻ നിൽക്കരുത്; യൗവ്വനകാലമെന്ന് ഞാൻ

ഉദ്ദേശിച്ചത് മാണി സാറിന് മനസ്സിലായിട്ടുണ്ട്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, കോമ്പൗണ്ടിംഗ് നിയമപ്രകാരം വാറ്റ് നികുതി അടയ്ക്കുന്നവർക്ക് അതാത് വർഷങ്ങളിൽ അടയ്ക്കുന്ന നികുതിയുടെ ഒരു നിശ്ചിത ശതമാനം അടുത്തവർഷം അധികമായി അടയ്ക്കണം. പലപ്പോഴും ഉപഭോക്താക്കളിൽനിന്നും ഈ ടാക്സ് കൃത്യമായി ഗവൺമെന്റിലേയ്ക്ക് ലഭിക്കാത്ത അവസ്ഥ വരുന്നുണ്ട്. കോമ്പൗണ്ടിംഗ് സിസ്റ്റം വിറ്റുവരവുമായി ലിങ്ക് ചെയ്യുമ്പോൾ സത്യസന്ധരായ വ്യാപാരികളാണ് ഇതിലൂടെ പ്രയാസത്തിലാകുന്നത്. ഈ വിറ്റുവരവ് പരിശോധിക്കാൻ സർക്കാർ വകുപ്പിന്റെ ഓൺലൈൻ സംവിധാനവുമായി ബില്ലിംഗ് സിസ്റ്റം ലിങ്ക് ചെയ്യുന്നൊരു സംവിധാനമൊരുക്കണം. എങ്കിൽ മാത്രമേ ഇത് പരിഹരിക്കാൻ സാധിക്കു എന്നാണ് ഇവിടെ സൂചിപ്പിച്ചത്. ഇതിനെക്കുറിച്ച് മെമ്പറുടെ അഭിപ്രായമെന്താണ്?

ശ്രീ. ടി. എൻ. പ്രതാപൻ:സർ, സ്വർണ്ണത്തിന് ഇപ്പോൾ ഏർപ്പെടുത്തിയ വാറ്റ് ഒരു ശതമാനംപോലും കുറയ്ക്കരുതെന്നാണ് ഞാൻ പറയുന്നത്. ഒരു കാര്യം ബഹുമാനപ്പെട്ട അബ്ദുറഹിമാൻ രണ്ടത്താണി ഉൾപ്പെടെയുള്ളവർ കേൾക്കാൻ പറയുകയാണ്, ഒരുപാട് നാളായി നികുതി കുറപ്പിയ്ക്കാൻവേണ്ടി പലരും വട്ടമിട്ട് നടക്കുകയാണ്. അങ്ങനെ ശ്രമിക്കുന്ന ആളുകളുടെ വലയിൽ മാണി സാർ വീഴാൻ

പാടില്ല. സർക്കാർ ഖജനാവിലേയ്ക്ക് വരേണ്ട പണം വരട്ടെ.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, അങ്ങനെ പെട്ടെന്നൊന്നും മാണി സാർ വലയിൽ വീഴില്ല.

<u>ശ്രീ. റ്റി.എൻ. പ്രതാപൻ</u>: സർ, അങ്ങനെ പെട്ടെന്ന് വലയിൽ വീഴ്ത്താൻ പറ്റിയ ആളല്ല മാണി സാർ എന്നുള്ളകാര്യം അനുഭവജ്ഞാനംകൊണ്ട് ശ്രീ. ബെന്നി ബെഹനാന് ബോധ്യമുള്ളതല്ലേ; പിന്നെയാണോ വട്ടമിട്ട് പറക്കുന്ന സ്വർണ്ണ വ്യാപാരികളുടെ വലയിൽ വീഴുന്നത്? ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അങ്ങനെ മാണി സാറിനെ വലയിൽ വീഴ്ത്താൻ നോക്കേണ്ട. എന്തായാലും സ്വർണ്ണത്തിന് നികുതി കുറയ്ക്കാതെ മുൻപുള്ളതുപോലെതന്നെ നിലനിർത്തണം.

2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ മാറ്റം വരുത്തി, 2008-ന് മുമ്പ് പരിവർത്തനം ചെയ്തവർക്ക് റെഗുലറൈസ് ചെയ്തുകൊടുക്കുന്നതിന് ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് കൊണ്ടുവന്ന നിർദ്ദേശം മാണി സാറും കൊണ്ടുവരുന്നതിനെ തത്വത്തിൽ അംഗീകരിക്കുന്നതോടൊപ്പം ഇതിന്റെ അപകടംകൂടി നമ്മൾ കാണേണ്ടതുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രികൂടി സഭയിലുണ്ട്. വളരെ വലിയ അപകടം പതിയിരിപ്പുണ്ട്. 2008-ന് ശേഷം ഊർക്കപ്പെട്ട വളരെയേറെ ഭൂമിയുണ്ട്, ഇപ്പോഴും

ളുർത്തുകൊണ്ടിരിക്കുന്നമുണ്ട്. ഈ ധനകാര്യ ബിൽ പാസ്സാക്കി കഴിഞ്ഞാൽ നാളെയും നികത്തും. എന്നിട്ട് ഇത് 2008-ന് മുമ്പ് ളുർത്തതാണെന്ന് പറഞ്ഞ് വില്ലേജ് ഓഫീസറിൽനിന്നും ഒരു അഫിഡവിറ്റ് വാങ്ങുകയും ചെയ്യും. നമ്മുടെ നാട്ടിലെ സർക്കാർ ഉദ്യോഗസ്ഥരുടെ മഹാഭ്രരിപക്ഷത്തിന്റെയും സ്ഥിതി അറിഞ്ഞു കൂടേ? വില്ലേജ് ഓഫീസറുടെ പക്കൽനിന്നും സർട്ടിഫിക്കറ്റ് വാങ്ങി കളക്ടറേറ്റിൽ കൊണ്ടുപോയി അംഗീകാരം വാങ്ങും.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, പാവപ്പെട്ട ആളുകൾക്ക് വീടുവയ്ക്കാൻ സാധിക്കുന്നില്ല. ധനാഢ്യരായ ആളുകൾ തിരുവനന്തപുരത്ത് വന്ന് ഉന്നതരെ കണ്ട് ഏക്കർ കണക്കിന് ഭ്രമിയാണ് നികത്തിയെടുത്തിരിക്കുന്നത്. പാവപ്പെട്ടവന് വീട് വയ്ക്കാൻ ഭ്രമി നികത്തുന്നതിന് അനുമതിയില്ല. അതിനെക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായമെന്തെന്ന് അറിയിക്കാമോ?

ശ്രീ. റ്റി.എൻ. പ്രതാപൻ: സർ, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞ അഭിപ്രായംതന്നെയാണ് എനിക്കുമുള്ളത്. സമ്പത്തും സ്വാധീനവുമുള്ള ആളുകൾ ആരോടും ചോദിക്കാതെ പാടം നികത്തുകയാണ്. അതൊന്നും ഒരു വില്ലേജ് ഓഫീസറോ, തഹസീൽദാരോ, കളക്ടറോ, ആർ.ഡി.ഒ. യോ കാണുകയില്ല. അവർ വയലുകൾ നികത്തി അവിടെ പത്തും ഇരുപതും വർഷം പ്രായമുള്ള തെങ്ങുകളും

കവുങ്ങുകളും കുലച്ചുനിൽക്കുന്ന വാഴകളുമൊക്കെ കൊണ്ടുവന്ന് വച്ചിട്ട്, 2008-ന് മുമ്പ് പരിവർത്തനം വരുത്തിയതാണെന്ന് പറയും. പാവപ്പെട്ട ആളുകൾക്ക് വീട് വയ്ക്കാൻ വേണ്ടി മൂന്നുസെന്റോ അഞ്ച് സെന്റോ വയൽ നികത്താൻ അനുവദിക്കുന്നതും ഇതുപോലുള്ള ആളുകൾക്ക് അവസരം കൊടുക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ഈ നിയമം ദുർവിനിയോഗം ചെയ്യുന്നതിനും അവിഹിതമായ ഇടപെടൽ നടത്തുന്നതിനും വളരെയേറെ സാദ്ധ്യതയുണ്ട്. അതോടൊപ്പംതന്നെ എനിക്ക് പറയാനുള്ളത്, നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ നിലവിലുള്ള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ മാറ്റം വരുത്താതെ എങ്ങനെയാണ് ധനകാര്യ ബില്ലിലൂടെ ഈ നിയമം ഇംപ്ലിമെന്റ് ചെയ്യാൻ സാധിക്കുകയെന്ന് എനിക്കറിയില്ല. ബഹുമാനപ്പെട്ട കെ. എം. മാണി വലിയ അഭിഭാഷകൻ കൂടിയായതുകൊണ്ട് ഒരുപക്ഷേ നിയമോപദേശം വാങ്ങിയിട്ടുണ്ടാകും. എന്നാൽ ഇതിൽ അപകടം പതിയിരിപ്പുണ്ട്, സൂക്ഷിക്കണം. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞതുപോലെ പാവപ്പെട്ട ആളുകൾക്ക് വീട് വയ്ക്കുന്ന കാര്യമല്ല, വൻകിട ആളുകൾ അവിഹിതമായ ആനുകൂല്യവും സൗകര്യങ്ങളും പറ്റുകയാണ്. അതിനെതിരെ ജാഗ്രത ഉണ്ടാകണം. ബഹുമാനപ്പെട്ട റവന്യൂവും കയറും വകുപ്പുമന്ത്രിയോട് ഒരു അഭ്യർത്ഥന കൂടിയുണ്ട്, 2008-ന് ശേഷം പരിവർത്തനം വരുത്തിയ ഭൂമി ഗവൺമെന്റ് ഏറ്റെടുത്ത്

'ഭൂരഹിത കേരളം' പദ്ധതിയിൽ ഉൾപ്പെടുത്തണം. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ,

"സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ധനകാര്യ(2-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു."

ഈ നിയമം കൊണ്ട് 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടിൽ ഭേദഗതി വരുത്തുന്നതോടുകൂടി ഇരുന്നൂറ് കോടി രൂപയിലധികം വരുമാനം ഗവൺമെന്റിന് ലഭിക്കും. മാത്രമല്ല ലക്ഷക്കണക്കിന് ആളുകളുടെ ഭൂമിക്ക് അംഗീകാരം കിട്ടുകയും ചെയ്യും. സത്യത്തിൽ, സർക്കാരിന് വരുമാനം ലഭിക്കുന്ന കാര്യം മാത്രമല്ല. വീട് വച്ചാൽ അംഗീകാരം കിട്ടുന്നില്ല, ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടുന്നില്ല തുടങ്ങിയ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന നമ്മുടെ നാട്ടിലെ ഒരുപാട് പാവങ്ങൾക്ക് ആശ്വാസം കിട്ടുന്ന ഒരു വലിയ ഭേദഗതി കൂടിയാണിത്. ഞാൻ ഇതിനെ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. ഒരു നിർദ്ദേശംകൂടി മുന്നോട്ട് വയ്ക്കാനുണ്ട്. അതായത്, ഹരിയാനയിലും കർണ്ണാടകയിലും തമിഴ്നാട്ടിലുമെല്ലാം അഗ്രിക്കൾച്ചറൽ ലാന്റ് കൊമേഴ്സ്യൽ ലാന്റായി കൺവെർഷൻ നടത്തുന്നതിനുള്ള

നിയമമുണ്ട്. ബഹുമാനപ്പെട്ട മാണി സാർ അത് പരിശോധിക്കേണ്ടതാണ്. കാരണം, നമ്മുടെ സംസ്ഥാനം വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. വർഷങ്ങളായി കൃഷി ചെയ്യാതെ വെറുതെ കിടക്കുന്ന ഒരുപാട് സ്ഥലങ്ങൾ നമുക്കുണ്ട്. അത് മറ്റൊന്നും ചെയ്യാൻ കഴിയാതെ കൃഷി ഭൂമി എന്ന നിലയിൽ കിടക്കുകയാണ്. അത്തരം പ്രശ്നം എല്ലാ സംസ്ഥാനങ്ങളിലുമുണ്ട്. ഒരുപക്ഷേ നമ്മുടെ സംസ്ഥാനത്തേക്കാൾ കൂടുതൽ കൃഷി ചെയ്യുന്ന ഹരിയാനയിൽ, കഴിഞ്ഞ കോൺഗ്രസ് ഗവൺമെന്റിന്റെ കാലത്ത് ലാന്റ് കൺവെർഷൻ നിയമം കൊണ്ടുവന്നതിന്റെ ഫലമായി, കൃഷിഭൂമി കൊമേഴ്സ്യൽ ലാന്റായി കൺവെർഷൻ നടത്തിയതുവഴി കൃഷിയിടത്തിൽനിന്നും വരുമാനം ലഭിക്കാതിരുന്ന പാവപ്പെട്ട കൃഷിക്കാർക്ക് വലിയ വരുമാനം കിട്ടുന്ന സാഹചര്യം ഉണ്ടായിരിക്കുകയാണ്. ഈ വിധത്തിൽ വരുമാനം കണ്ടെത്തുന്നതിനെക്കുറിച്ച് നമ്മളും ആലോചിക്കേണ്ടതു ണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. വ്യവസായങ്ങളോ, കൃഷിയോ, വികസനമോ വന്നിട്ടല്ല കേരളത്തിലെ കൃഷിഭൂമി നഷ്ടമായത്. കേരളത്തിൽ ഏറ്റവും കൂടുതൽ നടന്നിട്ടുള്ളത് വീട് കൃഷിയാണ്. ഇവിടെ ഒരു കോടി പത്തുലക്ഷത്തോളം വീടുകളുണ്ട്. എല്ലാവർക്കും കിണറും മതിലും ഉണ്ട്. കേരളത്തിൽ ഒരു ഏക്കറിൽ ശരാശരി അമ്പത് വീടുകളാണുള്ളത്. എന്നാൽ വികസിത രാജ്യങ്ങളിൽ ഒരു

ഏക്കറിൽ അഞ്ഞൂറ് ആളുകൾ താമസിക്കുന്നു. ശ്രീ. സാം പിത്രോദ (Sam Pitroda) പറഞ്ഞതുപോലെ, കേരളം ആകാശത്തിലേയ്ക്ക് വളരേണ്ടതിനെക്കുറിച്ച് ആലോചന നടത്തേണ്ടതിനുപകരം ശ്രീ. ടി. എൻ. പ്രതാപനെപ്പോലുള്ളവർ നമ്മുടെ കൃഷിഭൂമി നഷ്ടപ്പെട്ടതിനെപ്പറ്റി വിലപിക്കുന്നതുകൊണ്ട് കാര്യമില്ല, പ്രായോഗികമായിട്ടുള്ള വികസന കാഴ്ചപ്പാടുകളിലേയ്ക്ക് നമ്മൾ മാറിവരേണ്ടതുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിന്റെ ഭൂമി പ്രായോഗികമായി കൈകാര്യം ചെയ്യണമെന്നാണ് ഞാൻ പറയുന്നത്. ഈ ഗവൺമെന്റിന്റെ ആദ്യകാലത്ത് ഭൂനികുതിയും കെട്ടിട നികുതിയും കൂട്ടണമെന്ന് പ്രസംഗിച്ച ഒരാളാണ് ഞാൻ. ബഹുമാനപ്പെട്ട മാണി സാർ അത് അംഗീകരിച്ചു. പക്ഷേ ഭൂനികുതി വല്ലാതെ കൂട്ടിയെന്നാണ് ശ്രീ. ടി. എൻ. പ്രതാപൻ ഉൾപ്പെടെയുള്ള ആളുകൾ പ്രസംഗിച്ചത്, പ്രതിപക്ഷം പറഞ്ഞത് നൂറുശതമാനം കൂട്ടിയെന്നാണ്. ഏറ്റവും പോഷ് ആയിട്ടുള്ള പള്ളിക്കുന്ന് പഞ്ചായത്തിലാണ് ഞാൻ താമസിക്കുന്നത്. എന്റെ പത്തുസെന്റ് ഭൂമിക്ക് ഈ വർഷം നികുതി അടയ്ക്കാൻ ഞാൻ പോയി. ഭൂനികുതി നൂറ് ശതമാനം വർദ്ധിപ്പിച്ചതുകൊണ്ട് പത്തു രൂപ എന്നത് ഇരുപതു രൂപയായിരിക്കുന്നു. ശ്രീ. ടി. എൻ. പ്രതാപനെ പോലുള്ള ആളുകൾ ഭൂനികുതി വർദ്ധിപ്പിച്ചതിനെതിരായി പറയുമ്പോൾ യഥാർത്ഥത്തിലുള്ള നികുതി എത്രയാണെന്ന് മനസ്സിലാക്കണം.

പത്തുരൂപയാണ് ഇരുപതു രൂപയാക്കിയിരിക്കുന്നത്. ഒരുവർഷം മൊബൈൽ ഫോൺ ചാർജ്ജിനത്തിൽ ബി.എസ്.എൻ.എൽ.-ന് മാത്രം 600 കോടി രൂപ ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. കേരളത്തിൽ ആർഭാടങ്ങൾക്കും അനാവശ്യ ചെലവുകൾക്കുമായി ഒരുപാട് പണം ചെലവഴിക്കുന്നുണ്ട്. പക്ഷെ, ഭൂനികുതിയും കെട്ടിട നികുതിയും വർദ്ധിപ്പിക്കുമ്പോൾ അത് അധികമാണെന്ന് പറയുന്നത് വസ്തുതകൾ പഠിക്കാതെയാണെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ഈ ഭേദഗതിയെ ഞാൻ പിന്തുണയ്ക്കുകയാണ്.

ഈ ധനകാര്യ ബില്ലുമായി ബന്ധപ്പെട്ട് രണ്ടുമൂന്ന നിർദ്ദേശങ്ങൾ ഞാൻ മാണിസാറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എല്ലാ സംസ്ഥാനങ്ങളിലും വാണിജ്യ, വ്യവസായ സ്ഥാപനങ്ങളിൽ നിന്നാണ് ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്നത്. ഇവിടത്തെ വ്യാപാരികളുടെ വാറ്റ് രജിസ്ട്രേഷനുള്ള ടേൺ ഓവർ പരിധി പത്തുലക്ഷം രൂപയാണ്. ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളിലും ആ പരിധി അഞ്ചു ലക്ഷം രൂപയാണ്. എന്തുകൊണ്ട് ഇവിടെയും അഞ്ചു ലക്ഷം രൂപയാമാക്കി കുറച്ചുകൂടാ; എന്തിന് ഇവിടെ പത്ത് ലക്ഷം രൂപ? ഏറ്റവും വലിയ ഉപഭോക്തൃ സംസ്ഥാനമാണ് കേരളം. നമ്മുടെ സംസ്ഥാനത്ത് പതിനെട്ടു ലക്ഷത്തോളം വ്യാപാരികൾ ഉണ്ട്. പത്തുലക്ഷം വ്യാപാരികൾ ഉണ്ടെന്ന് വ്യാപാരി-വ്യവസായി ഏകോപന സമിതി

പ്രസിഡന്റ് ശ്രീ. ടി. എ. നസറുദ്ദീൻതന്നെ പറയുന്നുണ്ട്. അതിൽ മൂന്നേകാൽ ലക്ഷത്തോളം ആളുകൾക്കേ വാറ്റ് രജിസ്ട്രേഷനുള്ളൂ. വാറ്റ് രജിസ്ട്രേഷനിൽനിന്നും ഇരുപത്തിഅയ്യായിരം കോടി രൂപ ഇപ്പോൾ സംസ്ഥാനത്തിന് കിട്ടുന്നുണ്ട്. വാറ്റ് രജിസ്ട്രേഷനുള്ള ടേണോവർ പരിധി അഞ്ചു ലക്ഷം രൂപയാക്കി ചുരുക്കാൻ സാധിക്കുകയാണെങ്കിൽ നമ്മുടെ വരുമാനം വൻതോതിൽ വർദ്ധിക്കും. കൂടുതൽ ആളുകളെ നികുതിയുടെ പരിധിയിലേയ്ക്ക് കൊണ്ടുവരാൻ നമുക്ക് സാധിക്കണം.

ശ്രീ. കെ. എം. മാണി ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ ആട്ടയ്ക്കും മൈദയ്ക്കും നാലുശതമാനം നികുതി പ്രഖ്യാപിച്ചു. പ്രതിപക്ഷത്തിന്റെ ബഹളം കാരണം മാണി സാർ അത് പിൻവലിച്ചു. ബേക്കറി ഉൽപ്പന്നങ്ങൾ ഉണ്ടാക്കാനാണ് മൈദ ഉപയോഗിക്കുന്നത്. മൈദയുടെ ടാക്സ് പിൻവലിച്ചതുകൊണ്ട് കേരളത്തിൽ ഈ സാധനങ്ങളുടെ വില കുറഞ്ഞിട്ടുണ്ടോ? സത്യത്തിൽ, ഗവൺമെന്റിന് നികുതിയും കിട്ടുന്നില്ല സാധാരണക്കാരന് വിലക്കുറവിന്റെ ആശ്വാസവും കിട്ടുന്നില്ല. നികുതി വരുമാനം വർദ്ധിപ്പിക്കാതെ കേരളത്തിന് മുന്നോട്ടുപോകാൻ സാധിക്കുകയില്ല. അതുപോലെതന്നെ സ്വർണ്ണത്തിന്റെ നികുതിയുമായി ബന്ധപ്പെട്ട് ശ്രീ. ടി.എൻ. പ്രതാപൻ പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. കേരളത്തിൽ കൃത്യമായി നികുതി കിട്ടുന്ന രണ്ട് മേഖലകളാണ് എക്സൈസ് വകുപ്പും മോട്ടോർ ട്രാൻസ്പോർട്ട്

വകുപ്പും. എക്സൈസ് വകുപ്പിൽ നിന്നും 30 ശതമാനത്തോളം നികുതി ലഭിക്കുന്നുണ്ട്. അതിനുകാരണം അവിടെ എക്സൈസ് ഗാർഡുകളുണ്ട്. മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പിൽ നിന്നും കൃത്യമായി നികുതി ലഭിക്കുന്നുണ്ട്. അവിടെ ട്രാഫിക് പോലീസുണ്ട്. സ്വർണ്ണമേഖലയിൽ നിന്നു നികുതി ലഭിക്കണമെങ്കിൽ ഒരു ഗോൾഡ് പോലീസ് കൂടി വേണമെന്നാണ് എനിക്ക് പറയാനുള്ളത്. സ്വർണ്ണക്കടകളിൽ ശക്തമായ പരിശോധന നടത്താൻ ഈ പോലീസിന് കഴിയണം. സ്വർണ്ണം വാങ്ങി പുറത്തുവരുന്ന ആളിനെ റോഡിൽ വച്ച് പരിശോധിക്കുന്നതിനുള്ള അധികാരമുണ്ടായാൽ, ഇത്തരത്തിലുള്ള പത്ത് കേസ് പിടിച്ചാൽ കേരളത്തിൽ ഇപ്പോൾ നികുതി ഇനത്തിൽ 350 കോടി രൂപയാണ് കിട്ടുന്നതെങ്കിൽ, സ്വർണ്ണമേഖലയിൽ നിന്നുമാത്രം ഒരു ലക്ഷം കോടി രൂപ വരുമാനമുണ്ടാക്കാൻ സാധിക്കും. അതിനുള്ള ധൈര്യം കെ. എം. മാണിസാർ കാണിക്കണം.

അങ്ങ് പാവങ്ങളെ സഹായിക്കുന്നുണ്ട്. കാരുണ്യ ബെനവലന്റ് സ്കീമിലൂടെ ഒരു ലക്ഷത്തോളമാളുകളെ സഹായിച്ചു. 750 കോടി രൂപയുടെ സഹായം കിട്ടിയത് വലിയ കാരുണ്യപ്രവർത്തനമാണ്. പാവങ്ങളെ നമ്മൾ സഹായിക്കുന്നുണ്ട്. പക്ഷേ വരുമാനമുള്ള ഇടത്തരക്കാരിൽ നിന്നും കൂടുതൽ വരുമാനം തിരിച്ചുപിടിക്കാൻ സാധിക്കണമെന്ന് പറഞ്ഞുകൊണ്ട്........ മാണിസാറിനെ നിരന്തരം

ബഹിഷ്കരിക്കുന്ന അപവാദപ്രചരണങ്ങൾ നടത്തുന്ന പ്രതിപക്ഷം ഇപ്പോൾ ഒളിച്ചോടുകയാണ്. അരുവിക്കര തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ കേരളത്തിലെ സി.പി.ഐ(എം) ന്റെ ഏറ്റവും ശക്തനായ ജില്ലാ സെക്രട്ടറി ശ്രീ. ഇ. പി. ജയരാജൻ ലോംഗ് ലീവിൽ പോയി. ഞാൻ പറയുന്നു പഞ്ചായത്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ സഖാവ് എം.വി. ജയരാജൻ ലീവിൽ പോകും, നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ സാക്ഷാൽ പിണറായി വിജയൻ ലോങ്ങ് ലീവിൽ പോകേണ്ടിവരും. ആ വിധത്തിലുള്ള രാഷ്ട്രീയ ധ്രുവീകരണമാണ് കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഈ ധ്രുവീകരണത്തിന് കാരണമെന്താണ്? ഇതിന് കാരണം യു.ഡി.എഫ്- ന്റെ സത്യസന്ധമായ ജനപക്ഷ ധാർമ്മികമായ രാഷ്ട്രീയമാണ്. പണ്ട് രാഷ്ട്രീയധാർമ്മികതയുടെയും സത്യസന്ധതയുടെ പ്രതീകമായ ഇ.എം.എസും പാവങ്ങളുടെ പടത്തലവനെന്ന് വിശേഷിപ്പിക്കുന്ന എ.കെ.ജി യും അപ്പുറത്തുണ്ടായിരുന്നു. ഇന്ന് അവരൊന്നുമില്ല. എന്നാൽ ഇപ്പുറത്തെ പക്ഷത്തിൽ, സത്യസന്ധതയുടെയും ധാർമ്മികതയുടേയും പ്രതീകമെന്ന് പൊതുസമൂഹം വിശേഷിപ്പിക്കുന്ന ശ്രീ. വി.എം. സുധീരൻ നമ്മുടെ കൂടെയുണ്ട്. ഇന്ന് പാവങ്ങളുടെ പടത്തലവനെന്ന് വിശേഷിപ്പിക്കപ്പെടുന്നത് സാക്ഷാൽ മുഖ്യമന്ത്രിയെയാണ്. അദ്ദേഹത്തിന്റെ ജനസമ്പർക്ക പരിപാടിയിലൂടെ അത് തെളിയിച്ചിട്ടുണ്ട്.

പോലീസിന് സ്വതന്ത്രവും നിഷ്പക്ഷവുമായ അധികാരം നൽകി ശ്രീ. രമേശ് ചെന്നിത്തലയും മാതൃകകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ആ വിധത്തിൽ കേരളത്തിലെ രാഷ്ട്രീയത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന രാഷ്ട്രീയ അടിയൊഴുക്കിന്റെ അടിസ്ഥാന കാരണമെന്ന് പറയുന്നത് ഈ മൂന്ന് ത്രിമൂർത്തികളും, മാണിസാറും കുഞ്ഞാലിക്കുട്ടി സാഹിബും ഉൾപ്പെടെയുള്ള നേതാക്കളുടെ സത്യസന്ധവും ആത്മാർത്ഥവുമായ പ്രവർത്തനങ്ങളാണ്. ആ പ്രവർത്തനങ്ങളുടെ മുന്നേറ്റമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്നുമാത്രം പറഞ്ഞുകൊണ്ട് എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, വളരെ നല്ല നിർദ്ദേശങ്ങളാണ് ഭരണകക്ഷി ബഞ്ചുകളിൽ നിന്നും വന്നിട്ടുള്ളത്. നിർഭാഗ്യവശാൽ പ്രതിപക്ഷത്തിന് നിർദ്ദേശങ്ങളൊന്നും വയ്ക്കാൻ കഴിഞ്ഞിട്ടില്ല. ഇറങ്ങിപ്പോകുക എന്ന സമരമാർഗ്ഗമല്ലാതെ എന്തെങ്കിലും സൃഷ്ടിപരമായ നിർദ്ദേശങ്ങൾ നിയമസഭയിൽ വയ്ക്കുവാനോ അതിൽ അവരുടെ കോൺട്രിബ്യൂഷൻ നൽകുവാനോ കഴിയാത്ത പ്രതിപക്ഷമാണ് എന്നുള്ളതിൽ എനിക്ക് ദുഃഖമുണ്ട്. അതിലേയ്ക്ക് പോകുന്നില്ല. ഇവിടെ വൈദ്യുതി കണക്ഷന് എഗ്രിമെന്റ് വയ്ക്കുന്നതിന് 500 രൂപ എന്നത് കൂടിപ്പോയി അത് കുറയ്ക്കണമെന്നാണ്

ഒരു നിർദ്ദേശം. എന്റെ അടുത്തിരിക്കുന്ന ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രിയുടെയും മറ്റെല്ലാപേരുടേയും അഭിപ്രായം ഒരു രൂപയും ഈടാക്കരുതെന്നാണ്. അതിനെ ഞാൻ മാനിക്കുന്നു. അതുകൊണ്ട് 500 രൂപ എന്നുള്ളത് പകുതി പിൻവലിച്ച് 250 രൂപയാക്കി കുറയ്ക്കുന്നു. സ്വർണ്ണത്തെ സംബന്ധിച്ച് കഴിഞ്ഞ ബഡ്ജറ്റിൽ സബ്ജക്റ്റ് കമ്മിറ്റി പഠിച്ച് നിർദ്ദേശിച്ച കോമ്പൗണ്ടിംഗ് ഫോർമുലയാണ് ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഈ ബില്ലിൽ ഇത് ഓപ്പൺ ചെയ്തിട്ടില്ല. ഇവിടെ ഉന്നയിച്ച കാര്യങ്ങൾ തീർച്ചയായും പരിശോധിക്കാം. വരുമാനം കൂടുമെങ്കിൽ നികുതിഘടന പരീക്ഷണാർത്ഥം ടേൺ-ഓവർ ബെയ്സിസിലാക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കാം. നികുതി വരുമാനം കൂടുമെന്നാണ് എല്ലാപേരും പറയുന്നത്. കൂടുമെന്നുണ്ടെങ്കിൽ പരീക്ഷണാർത്ഥം ആറ് മാസത്തേയ്ക്കോ ഒരു വർഷത്തേയ്ക്കോ ടേൺ-ഓവർ ബെയ്സിസിലാക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കാം. അത് എത്രവേണം, എങ്ങനെയാണ് എന്നുള്ളത് സംബന്ധിച്ച് പിന്നീട് ആലോചിക്കാവുന്നതാണ്. ഖാദിയിന്മേലുള്ള ഒരു ശതമാനം നികുതി ഒഴിവാക്കുന്നു. നെൽവയൽ നികത്തുന്നത് റെഗുലറൈസ് ചെയ്യുന്ന കാര്യത്തിൽ ശ്രീ. ടി.എൻ. പ്രതാപൻ ചില ആശങ്കകൾ പുറപ്പെടുവിക്കുകയുണ്ടായി. ഇവിടെ 2008-ന് മുമ്പ് നികത്തിയ വയലുകൾ റെഗുലറൈസ് ചെയ്യുന്നതുമായി

ബന്ധപ്പെട്ട് ഡോ. തോമസ് ഐസകിന്റെ കാലഘട്ടത്തിൽതന്നെ പ്രൊപ്പോസലുള്ളതാണ്. 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് ഭേദഗതി ചെയ്യുന്നതിന് വേണ്ടിയാണ് 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ കൊണ്ടുവരുന്നത്. 500 രൂപ ബില്ലിലുണ്ടായിരുന്നത് 200 രൂപയാക്കി വൈദ്യുതി കണക്ഷൻ കൊടുക്കേണ്ടതായ കരാറിന് സ്റ്റാമ്പ് ആക്ടിലെ 9-ാം വകുപ്പനുസരിച്ച് സർക്കാരിന് വേണമെങ്കിൽ എക്സംപ്ഷൻ കൊടുക്കാം. അതിൽ മാറ്റം വരുത്തേണ്ട കാര്യമില്ല.

ശ്രീ. വി.ഡി. സതീശൻ: സർ, 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ 2008-ന് മുമ്പ് വയൽ നികത്തിയിരിക്കുന്ന ആളുകളിൽ നിന്നും ഫെയർവാല്യൂവിന്റെ 25 ശതമാനം വാങ്ങി റെഗുലറൈസ് ചെയ്യുകയാണ്. ആ നിയമത്തിൽ തന്നെ ഭേദഗതി വരുത്തണ്ടേ? ഫിനാൻസ് ബില്ലിൽ ഒരു ടാക്സ് നിർദ്ദേശമായി കൊണ്ടുവന്നുകഴിഞ്ഞാൽ അത് നിയമപരമായി പ്രാബല്യമുണ്ടാകുമോ; യഥാർത്ഥ നിയമം നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമമല്ലേ; ആ നിയമത്തിൽക്കൂടി ഭേദഗതി വരുത്തണ്ടേ?

ശ്രീ. കെ.എം. മാണി: ഫിനാൻസ് ബില്ലിൽ ഏത് നിയമവും ഭേദഗതി ചെയ്യാം; 'The Provisional Collection of Revenue Bill, 1984' അനുസരിച്ച് ഏത് നിയമവും

ഫിനാൻസ് ബില്ലിൽ കൂടി ഭേദഗതി ചെയ്യാം. മുമ്പ് അങ്ങനെയായിരുന്നില്ല അവസ്ഥ. മുമ്പ് ധനകാര്യ വകുപ്പുമന്ത്രി പ്രസംഗിച്ചാലും വിശേഷമില്ല. ഓരോ വകുപ്പും അവരുടെ ഭേദഗതികൾ കൊണ്ടുവന്ന് നിയമസഭയിൽ പാസാക്കണം. ഇപ്പോൾ അങ്ങനെയല്ല. ശ്രീ. ആര്യാടൻ മുഹമ്മദ് കൂടുതൽ സമ്മർദ്ദം ചെലുത്തുന്നതിനാൽ, ഫൈനലായി വൈദ്യുതി കണക്ഷന് എഗ്രിമെന്റ് വയ്ക്കുന്നതിന് 500 രൂപയിൽ നിന്നും 200 ആയി കുറവ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: മാണിസാർ, ഇവിടെ ബില്ലിൽ ഇല്ലാത്തതും ആരും മൂവ് ചെയ്തിട്ടില്ലാത്തതുമായ ഭേദഗതികൾ അവതരിപ്പിക്കുമ്പോൾ അങ്ങയുടെ ഒഫിഷ്യൽ ഭേദഗതിയായി മൂവ് ചെയ്യാവുന്നതാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. പി. ബി. അബ്ദുൾ റസാക്, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

<u>ശ്രീ. പി. ബി. അബ്ദുൾ റസാക്</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. ടി. എൻ. പ്രതാപൻ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. ടി.എൻ. പ്രതാപൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ധനകാര്യ ബില്ലും, 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

<u>വകുപ്പു തിരിച്ചുള്ള പരിഗണന</u>
<u>2 മുതൽ 9 വരെയുള്ള വകുപ്പുകൾ</u>

(2 മുതൽ 9 വരെയുള്ള വകുപ്പുകൾക്ക് ഭേദഗതിയില്ല.)

<u>മി. സ്പീക്കർ</u>: 2 മുതൽ 9 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

2 മുതൽ 9 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2 മുതൽ 9 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്ക് ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

Minister for Finance, Law and Housing (Shri. K.M. Mani): Sir, I move the following official amendment.

44. " In Clause (2) (i), the following words, figures,letters and brackets shall be inserted at the beginning, namely:-

" clause(b) of sub-section(1) "

45. " In Clause 1(2) (ii), the following words, figures and brackets shall be inserted at the beginning, namely:-

" sub-section(18) and "

46. " In Clause 1 (2) (iii),

(i) after the word and figure, " section4" the word, " and" shall be inserted;

(ii) the words, figure, letter and brackets, " and entry 7A of sub-clause(ii) of clause(b)" shall be omitted.

വൈദ്യുതി കണക്ഷന് എഗ്രിമെന്റ് വയ്ക്കുന്നതിന് 500 രൂപയാക്കിയത് 200 രൂപയായി കുറവ് ചെയ്യുന്നു. ഖാദിയിന്മേലുള്ള നികുതി പിൻവലിക്കുന്നു. ഗോൾഡിന്റെ ടേൺ ഓവർ ബെയ്സിസിൽ നികുതി ഈടാക്കിയാൽ ആദായം കൂട്ടുമോ എന്നത്

പരീക്ഷണാർത്ഥമാണ്. കൂടിയില്ലെങ്കിൽ പൂർവ്വസ്ഥിതിയിലേക്ക് പോകും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2015-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2015-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

2015-ലെ കേരള ധനകാര്യ (2-ാം നമ്പർ)ബിൽ

2-ാം വകുപ്പ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്ക് ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

44. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ യിൽ “ ആദിവാസിയോ” എന്ന വാക്കിനുപകരം "അധിവാസിയോ" എന്ന വാക്ക് ചേർക്കുക.

അധിവാസി എന്നുപറഞ്ഞാൽ Occupier എന്നുള്ളതാണ്.

അധിവസിക്കുന്നയാൾ എന്നാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല.)

മി. സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2015-ലെ കേരള ധനകാര്യ(2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ....... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ജൂലൈ മാസം 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.45-ന് പിരിഞ്ഞു.)

***************